"ഭരണ ഭാഷ മാതൃഭാഷ"

KSEB

**കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്**

*(കമ്പിനീസ് ആക്ട് 1956 പ്രകാരം സ്ഥാപിതം)*

രജി: ആഫീസ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം– 695 004,

സി.ഐ.എന് :U40100KL2011SGC027424, വെബ്സൈറ്റ്: www.kseb.in

കോർപ്പറേറ്റ് ആഫീസ് (ആഡിറ്റ്)

(അഞ്ചാം നില, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 695004)

ഫോൺ: 0471- 2514452, Fax : 0471-2448584 ഇമെയില് cia@kseb.in

No.CIA/ACC/RR/SNO/2021-22/122 **തീയതി :** 08. 04.2022.

## പരിപത്രം

## എല്ലാ ARU മേധാവികൾക്കും (വിതരണവിഭാഗം)

വിഷയം : - റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതും, കുടിശ്ശിക പിരിച്ചെടുക്കുന്നതും - സംബന്ധിച്ച്.

സൂചന : - റവന്യൂ റിക്കവറി നടപടികളിലെ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ഐ.ടി), ഡയറക്ടർ (ഫിനാൻസ്), ചീഫ് ഇന്റേണൽ ആഡിറ്റർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 02.02.2022 ചൊവ്വ 02.20 മണിക്കു നടന്ന ഓൺ ലൈൻ മീറ്റിംഗ്

കെ.എസ്.ഇ.ബി-യുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം ബോർഡുതലത്തിൽ റവന്യൂ റിക്കവറിയുടെ അവലോകനയോഗം 2022 ഫെബ്രുവരി മാസം രണ്ടാം തീയതി നടത്തിയിരുന്നു. ഇതിനെത്തുടർന്ന് റവന്യൂ റിക്കവറി നടപടികൾ കാര്യക്ഷമമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. റവന്യൂ റിക്കവറി നടപടികൾ സുഗമമായി നടത്തുന്നതിന് റവന്യൂ അധികാരികൾക്ക് ആവശ്യമുള്ള വിവരങ്ങളായ സ്ഥലത്തിന്റെ സർവ്വേ നമ്പർ, ഉടമയുടെ പേര്, അഡ്രസ്സ്, പോസ്റ്റ് നമ്പർ, പോസ്റ്റ് ഓഫീസ്, പിൻകോഡ് തുടങ്ങിയവ കൃത്യമായി നൽകാൻ കഴിയാത്തതുകൊണ്ട് ഒട്ടുമിക്ക അർത്ഥനകളും റവന്യൂ റിക്കവറി നടപടികൾ എടുക്കുവാൻ കഴിയാതെ തിരികെ വരുന്നുണ്ട്. ആയതിനാൽ വിശദവിവരങ്ങൾ രേഖപ്പെടുത്തി അർത്ഥനകൾ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ വിവരങ്ങൾ ഇല്ലാത്തതുമൂലം തിരികെ നല്കപ്പെട്ട റവന്യൂ റിക്കവറി അർത്ഥനകളിൽ പരമാവധി ലോക്കൽ എൻക്വയറി നടത്തി ആവശ്യമായ രേഖകൾ ശേഖരിച്ചു നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഡിസ്കണക്ഷൻ, ഡിസ്മാന്റിൽ നടപടികൾ സമയബന്ധിതമായി ചെയ്യപ്പെടുന്നുണ്ടോയെന്നും കൺസ്യൂമർ ഡെപ്പോസിറ്റ് തുക തട്ടിക്കിഴിച്ചതിനുശേഷവും കുടിശ്ശികയുണ്ടോയെന്ന് ഉറപ്പു വരുത്തിയതിനുശേഷം റവന്യൂ റിക്കവറി നടപടികളിൽ തുടരുക.

3. റവന്യൂ റിക്കവറി നടപടികളിന്മേൽ കക്ഷികൾ കേസ് ഫയൽ ചെയ്യുന്നത് മിക്കവാറും റവന്യൂ വകുപ്പിനെതിരായിട്ടാണ്. കേസിൽ ആവശ്യമായ നടപടികൾ റവന്യൂ അധികാരികൾ എടുക്കുന്നുണ്ടെങ്കിലും കെ.എസ്.ഇ.ബിയുടെ ഭാഗത്തുനിന്നും കാര്യമായ നടപടികൾ ഉണ്ടാകുന്നതായി കാണുന്നില്ല. കേസുകളിൽ കക്ഷി ചേരുകയും എതിർവാദപത്രികകൾ സമയബന്ധിതമായി സമർപ്പിക്കുകയും ചെയ്താൽ മാത്രമേ ഇത്തരം കേസുകളിൽ അനുകൂലമായ നടപടികൾ ഉണ്ടാവുകയുള്ളൂ. ആയതിനാൽ കേസ് വിവരങ്ങൾ കൃത്യമായി അറിയുന്നതിനും റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനുമായി ഇലക് ട്രിക്കൽ ഡിവിഷനിലെ റവന്യൂ സീനിയർ സൂപ്രണ്ടുമാർ താലൂക്ക്തല റവന്യൂ റിക്കവറി അവലോകനയോഗങ്ങളിൽ പങ്കെടുക്കേണ്ടതും റിക്കൺസലിയേഷൻ നടത്തേണ്ടതുമാണ്. റവന്യൂ അധികൃതരുമായി ചേർന്ന് റീകൺസിൽ ചെയ്യതിനുശേഷം റവന്യൂ റിക്കവറി ഓൺലൈൻ സിസ്റ്റത്തിൽ അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്.

4. സർക്കിൾതല ലിറ്റിഗേഷൻ നോഡൽ ഓഫീസർ റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ടുവരുന്ന കോടതി വ്യവഹാരങ്ങളുടെ വിവരങ്ങൾ അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസറിനേയും, ഇലക്ട്രിക്കൽ ഡിവിഷനിലെ സീനിയർ സൂപ്രണ്ടിനേയും, ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ റവന്യൂ സീനിയർ സൂപ്രണ്ടിനേയും അറിയിക്കേണ്ടതാണ്. പ്രസ്തുത കേസുകളെ സംബന്ധിച്ച് വിവരങ്ങൾ സമയബന്ധിതമായി കൈമാറേണ്ടതും ഇവ ത്രൈമാസ വിശകലനയോഗത്തിൽ ചർച്ച ചെയ്യേണ്ടതുമാണ്.

5. റവന്യൂ റിക്കവറി നടപടികൾ ഓൺലൈൻ സംവിധാനത്തിലേക്ക് 2009-2010 മുതൽ മാറിയിട്ടുണ്ട്. ജില്ലാതലത്തിൽ നിലവിലുണ്ടായിരുന്ന ടി ഓൺലൈൻ സംവിധാനത്തിൽ സമർപ്പിക്കപ്പെട്ട അർത്ഥനകളുടെ വിശദവിവരങ്ങൾ റവന്യൂ അധികാരികൾതന്നെ ഇപ്പോഴത്തെ സിസ്റ്റത്തിലേക്ക് (2017 മുതലുള്ള) migrate ചെയ്തു വരികയാണ്. എന്നാൽ 2009 -2010 കാലയളവിനു മുമ്പ് സമർപ്പിക്കപ്പെട്ട അർത്ഥനകളുടെ ഇപ്പോഴത്തെ നിലയെപ്പറ്റി ജില്ല, താലൂക്ക്, വില്ലേജ് തലത്തിൽ അന്വേഷണം നടത്തുകയും നടപടി തുടരേണ്ടതുണ്ടെങ്കിൽ പുതിയ ഓൺലൈൻ സംവിധാനത്തിൽ അർത്ഥന സമർപ്പിക്കേണ്ടതുമാണ്. ഇതിനുള്ള നടപടികൾ 2022 ജൂൺ മാസം 30-നു മുമ്പ് പൂർത്തീകരിക്കേണ്ടതാണ്.

6. ഇലക്ട്രിക്കൽ ഡിവിഷനുകൾ എടുക്കുന്ന റവന്യൂ റിക്കവറി നടപടികൾ ഇലക്ട്രിക്കൽ സർക്കിൾ തലത്തിൽ മൂന്നു മാസത്തിലൊരിക്കൽ 'അവലോകനം ചെയ്യേണ്ടതാണ്. ഇതിലേക്കായി ഇലക്ട്രിക്കൽ സർക്കിളിലെ അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർമാരെ സർക്കിൾതല റവന്യൂ റിക്കവറി കോഡിനേറ്റിങ്ങ് ഓഫീസർമാരായി ചുമതലപ്പെടുത്തുന്നു. ആർ.ആർ നടപടികൾ സംബന്ധിച്ച് അവലോകനം നടത്തിയതിന്റെ റിപ്പോർട്ടും മറ്റു വിവരങ്ങളും ചീഫ് ഇന്റേണൽ ആഡിറ്ററുടെ ഓഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്.

7. റവന്യൂ റിക്കവറി നടപടികളുടെ ബോർഡ്തല അവലോകനം മൂന്നുമാസത്തിലൊരിക്കൽ നടത്തുന്നതാണ്. ഇതിൽ ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ), ഡയറക്ടർ (ഫിനാൻസ്), ഡിസ്ട്രിബ്യൂഷൻ ചീഫ് എഞ്ചിനിയർമാർ, ചീഫ് ഇന്റേണൽ ആഡിറ്റർ, ഇലക് ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർമാർ, ഇലക് ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർമാർ, സ്റ്റേറ്റ് നോഡൽ ഓഫീസർ (RR) എന്നിവർ പങ്കെടുക്കുന്നതാണ്. റവന്യൂ റിക്കവറി സംബന്ധിച്ച് ബോർഡ് തലത്തിൽ ഇടപെടലുകളോ തീരുമാനങ്ങളോ ആവശ്യമുണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിവരങ്ങൾ ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ) നും അതിന്റെ പകർപ്പ് ചീഫ് ഇന്റേണൽ ആഡിറ്റർക്കും സമർ പ്പിക്കേണ്ടതാണ്.

8. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ ഉന്നതതല യോഗ തീരുമാനം അനുസരിച്ച് അടുത്ത billing cycle മുതൽ എല്ലാ ഗവൺമെന്റ് കൺസ്യൂമേഴ്സിനേയും centralised സിസ്റ്റത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. നിലവിൽ centralized-billing-ൽ ഉൾപ്പെടുന്ന മുഴുവൻ ഉപഭോക്താക്കളുടെയും മീറ്റർ റീഡിംഗ് നിർബന്ധമായും എല്ലാ മാസവും 5-)0 തീയതിക്കകം എടുത്തു തുടർ നടപടികൾക്കായി നൽകേണ്ടതാണ്. centralized-billing ഉം മായി ബന്ധപ്പെട്ട വിവരങ്ങൾ ക്ക് ഫോൺ **-04712514315** നമ്പരിൽ **SOR** ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

9. റവന്യൂ റിക്കവറി സംബന്ധമായ സംശയങ്ങൾക്കും ഓൺലൈൻ സംവിധാനത്തിൽ അർത്ഥനകൾ സമർപ്പിക്കുന്നതിനുള്ള യൂസർ ഐഡി, പാസ് വേഡ് എന്നിവ ലഭിക്കുന്നതിനും പാസ് വേഡ് ബ്ലോക്ക് റിമൂവൽ, റീസെറ്റിങ്ങ്, ഡിജിറ്റൽ സിഗ്നേച്ചർ രജിസ്ട്രേഷൻ, കാൻസലേഷൻ തുടങ്ങിയവ ഉൾപ്പെടെ റവന്യൂ റിക്കവറി സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങൾക്കും കെ.എ്.ഇ.ബി.എൽ-ന്റെ റവന്യൂ റിക്കവറി സംസ്ഥാന നോഡൽ ഓഫീസറുടെ സേവനം (ഫോൺ നമ്പർ : **9446009263, 9961181922**) ഉപയോഗപ്പെടുത്തേണ്ടതാണ്.

റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കെ.എസ്.ഇ.ബി ഏറെ പ്രാധാന്യം നൽകുന്നു. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് സഹകരണം നൽകുന്നതോടൊപ്പം മേൽ നിർദ്ദേശങ്ങൾ പാലിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ഒപ്പ്

സെക്രട്ടറി (ഭരണം)

ഡയറക്ടർ (ഫിനാൻസ്)-ന്റെയും ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ഐ.റ്റി)-യുടെയും നിർദ്ദേശാനുസരണം